പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2466 — 19/03/2015 ൽ മറുപടി നൽകേണ്ടിയിരുന്നതിന്റെ

സമ്പൂർണ്ണ മറുപടി

ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ. റ്റി.യു. കുരുവിള | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | എല്ലാ സർക്കാർ ആശുപത്രികളിലെയും നിലവിലുള്ള മുഴുവൻ ഒഴിവുകളും നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ കെ.പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. പ്രമോഷൻ മുഖേന നികത്തേണ്ട ഒഴിവുകൾ നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ആരോഗ്യവകുപ്പിൽ ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികകളിലെല്ലാംതന്നെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖേനയും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ സർവ്വീസിൽ പി.ജി.ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വർഷാവർഷം പി.എസ്.സി. പരീക്ഷ നടത്തി ഡോക്ടർമാരുടെ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) | വർഷാവർഷം പരീക്ഷ നടത്തി ഡോക്ടർമാരുടെ നിയമനം നടത്തുന്ന തീരുമാനം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ കൈക്കൊണ്ടിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ